"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്- പട്ടിക ജാതി വികസന വകുപ്പിന് കീഴിലുള്ള ഐറ്റി.ഐ കളിൽ ബയോമെട്രിക് പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്**

സ.ഉ.(സാധാ) നം.737/2024/SCSTD തീയതി,തിരുവനന്തപുരം, 04-09-2024

---

പരാമർശം:- 1. സ.ഉ(സാധാ) നം 1452/2023/പജപവവിവ തീയതി 18.12.2023

2. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 23.7.2024ലെ SCDD/6212/2022-B2 (ESTT B)നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള 44 ഐ റ്റി ഐ ളിൽ ആധാർ അധിഷ്ഠിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ആരംഭിക്കുന്നതിനായുള്ള USB Biometric Device സ്ഥാപിക്കുന്നതിനായി USB Biometric Device (Offices upto 15 employees) 44 Installation & Configuration charge for USB Biometric Device, Firmware upgradation and onboarding support charges, Commissioning, Training & Documentation എന്നീ ഇനങ്ങൾ ഉൾപ്പെടുത്തി കെൽട്രോൺ ലഭ്യമാക്കിയ 6,01,114/- രൂപയുടെ പ്രൊപ്പോസൽ അംഗീകരിച്ച് ഐ.റ്റി.ഐ കളിൽ ബയോമെട്രിക് പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനാവശ്യമായ ഉപകരണങ്ങൾ സ്റ്റോർ പർച്ചേസുമായി ബന്ധപ്പെട്ട ചട്ടങ്ങളും ഉത്തരവുകളും പാലിച്ച് കൊണ്ടും 2225-01-001-94-34(പി) ശീർ ഷകത്തിലെ 2023-2024 സാമ്പത്തിക വർഷത്തെ വിഹിതത്തിന്റെ ലഭ്യതയ്ക്ക് വിധേയമായും വാങ്ങുന്നതിനും അപ്രകാരം പദ്ധതിനിർവ്വഹണം നടത്തുന്നതിനും പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ വകുപ്പ് ഡയറക്ടർ കെൽട്രോൺ പ്രതിനിധികളുമായി നടത്തിയ നെഗോസിയേഷന്റെ അടിസ്ഥാനത്തിൽ USB Biometric Device (Offices upto 15 employees), One Time Installation & Training Charge for the system Onsite support എന്നീ ഇനങ്ങൾ ഉൾപ്പെടുത്തി ആകെ 4,54,098/- രൂപയുടെ എസ്റ്റിമേറ്റ് കെൽട്രോൺ ലഭ്യമാക്കിയിട്ടുണ്ടെന്നും ടി പ്രൊപ്പോസൽ അംഗീകരിച്ച് നടപ്പ് സാമ്പത്തിക വർഷം 4,54,098/- രൂപയുടെ പുതുക്കിയ ഭരണാനുമതി ഉത്തരവ് നൽകണമെന്നും ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു പട്ടിക ജാതി വികസന വകുപ്പിന് കീഴിലുള്ള 44 ഐ.റ്റി.ഐ-കളിൽ ബയോ മെട്രിക് പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്ന പദ്ധതിയ്ക്കായി മുൻവർഷം തുക ചെലവായിട്ടില്ല എന്ന് ഉറപ്പാക്കണമെന്ന നിബന്ധനയോടെ 2225-01-001-94- 34(പി) ശീർഷകത്തിലെ ഫണ്ടിന്റെ ലഭ്യതയ്ക്കും സ്റ്റോർ പർച്ചേസ് ചട്ടങ്ങൾക്കും വിധേയമായി 4,54,098/- (നാല് ലക്ഷത്തി അൻപത്തിനാലായിരത്തി തൊണ്ണൂറ്റി എട്ട് രൂപ മാത്രം) രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സൂര്യ എസ് ഗോപിനാഥ് കെ. എ .എസ്

അണ്ടർ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E, Audit), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G&SSA), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E&RSA), കേരള, തിരുവനന്തപുരം.

സ്റ്റോർ പർച്ചേസ് വകുപ്പ്

ധനകാര്യവകുപ്പ്(WW3/184/2023/FIN)

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Asha Madhu
Date:04-09-2024 14:51:13